പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6520 — 03.04.2018 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് കർമ്മ പദ്ധതി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി : | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ ഈ സർക്കാർ എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ പദ്ധതിയിലേക്ക് ഐ.ടി.ഐ.കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) സ്വന്തമായി സ്ഥലവും, കെട്ടിടവും ഉള്ളതും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമായതുമായ ഐ.ടി.ഐ കളെയാണ് ഇത്തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) ഈ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐ. കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടിക ലഭ്യമാക്കാമോ; | (സി) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ. കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐകളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>ഇതിന് പുറമേ തിരുവനന്തപുരം ജില്ലയിലെ ഗവ:ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ:ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ഡി) മണലൂർ മണ്ഡലത്തിലെ മണലൂർ ഐ.ടി.ഐ. യെ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മണലൂർ ഐ.ടി.ഐ. യെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ